"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീം 2021- സഹകരണ വകുപ്പിന് (Department of Co-operation) അഞ്ചു കോടി രൂപ ധനസഹായം അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് -അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.185/2024/Co-Op തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:-

1. 05/04/2022 ലെ ജി. ഒ (എം. എസ് ) നം. 09/2022/സഹ നമ്പർ ഉത്തരവ്.
2. 12/03/2024 ലെ ജി. ഒ (എം. എസ് ) നം. 07/2024/സഹ നമ്പർ ഉത്തരവ്
4. സഹകരണ സംഘം രജിസ്ട്രാറുടെ 14/03/2024, 30/03/2024 തീയതികളിലെ RCS/633/2024/MT-3 നമ്പർ കത്തുകൾ.

**ഉത്തരവ്**

പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി 18/03/2024 ന് ചേർന്ന ഹൈലെവൽ കമ്മിറ്റി സഹകരണ മേഖലയുടെ നേട്ടങ്ങളും, അറിവും മാധ്യമങ്ങളിലൂടെ പൊതു ജനങ്ങളിലേക്ക് എത്തിക്കുന്നതിനും, സഹകാരികൾക്കും, സഹകരണ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുമായി പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും സഹകരണ വകുപ്പിന് (Department of Co-operation) അഞ്ചു കോടി രൂപ ധനസഹായം അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു.

2) പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും സഹകരണ വകുപ്പിന് (Department of Co-operation) അഞ്ചു കോടി രൂപ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം മൂന്നിലെ കത്ത് മുഖേന സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കേരള കോ ഓപ്പറേറ്റീവ്

പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീമിൽ (2021) ഉൾപ്പെടുത്തി, സഹകരണ മേഖലയുടെ നേട്ടങ്ങളും, അറിവും മാധ്യമങ്ങളിലൂടെ പൊതു ജനങ്ങളിലേക്ക് എത്തിക്കുന്നതിനും, സഹകാരികൾക്കും, സഹകരണ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുമായി പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും സഹകരണ വകുപ്പിന് (Department of Co-operation) അഞ്ചു കോടി രൂപ ധനസഹായം അനുവദിക്കുന്നതിനായി തുക റിലീസ് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) ധനവിനിയോഗത്തിനുള്ള പദ്ധതികളുടെ വിശദമായ വിവരം സഹിതം സർക്കാരിൽ നിന്ന് മുൻകൂർ അനുമതി നേടിയ ശേഷം തുക വിനിയോഗിക്കേണ്ടതും ഫണ്ട് വിനിയോഗം സംബന്ധമായി സർക്കാർധനവിനിയോഗത്തിനുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതും ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

ഡയറക്ടർ, സഹകരണആഡിറ്റ്, O/o സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക

വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 04-04-2024 10:36:09
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്
സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ ക്ക്